# കോൾപ്പടവിൽ പയർക്കൃഷിയുടെ വിജയഗാഥ

Mathrubhumi-20-05-2018-P-04



▶ കോടന്നൂർ കോൾപ്പടവിലെ പയർകൃഷി

**തൃശ്ശൂർ** ▸ ഇടവേളക്കൃഷിയിലൂടെ ലാഭമുണ്ടാക്കാൻ പയർവർഗങ്ങളും മികച്ച വിളയാണെന്ന് നെൽകർഷകനറിയാം.

ഇക്കാര്യം വീണ്ടും ഉറപ്പാക്കിയിരിക്കുകയാണ് കാർഷിക സർവകലാശാലയുടെ മണ്ണുത്തി കാർഷിക ഗവേഷണകേന്ദ്രം. പാടത്തെ പയർവർഗ കൃഷിയിലൂടെ നൂറേക്കറിൽ നേട്ടം കൊയ്യാനാണ് കേന്ദ്രം ലക്ഷ്യമിടുന്നത്.

അന്താരാഷ്ട്ര പയർ വർഷാചരണത്തിന്റെ ഭാഗമായി 2016–17 കാലത്താണ് നബാർഡിന്റെ സഹകരണത്തോടെ പയർവർഗ കൃഷി പദ്ധതിക്ക് കാർഷിക ഗവേഷണകേന്ദ്രം തുടക്കമിട്ടത്. പയർവർഗങ്ങളുടെ വൻതോതിലുള്ള ഉത്പാദനമായിരുന്നു ലക്ഷ്യം.

അന്തിക്കാട് പഞ്ചായത്തിലെ ശ്രീരാമൻചിറ പാടശേഖരം ഇതിനായി തിരഞ്ഞെടുത്തു. ശ്രീരാമൻചിറയിലെ നൂറ് ഏക്കറിൽ ചെറുപയറും ഉഴുന്നും കൃഷിചെയ്യാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ, വരൾച്ചയും മഴക്കുറവും കണക്കുകൂട്ടൽ തെറ്റിച്ചതോടെ കൃഷി 30 ഏക്കറിൽ ഒതുക്കേണ്ടിവന്നു. എങ്കിലും അധ്വാനം ഫലം കണ്ടു.

ഏക്കറിന് 150 കിലോ എന്ന കണക്കിലാണ് വിളവ് ലഭിച്ചത്. ഇപ്പോൾ പദ്ധതിയുടെ രണ്ടാം ഘട്ടം അവസാനപാദത്തിലേക്ക് എത്തിയിരിക്കുന്നു. നൂറ് എന്ന ലക്ഷ്യത്തിലെത്താൻ അന്തിക്കാടിന് പിന്നാലെ കോടന്നൂർ കോൾപ്പടവിലാണ് ഇപ്പോൾ കൃഷിചെയ്യുന്നത്. ഇവിടെ 70 ഏക്കറിലാണ് കൃഷി. ഇവിടെ വിതച്ച ഉഴുന്നും ചെറുപയറും പൂവിട്ട് കായപിടിച്ചു. മേയ് അവസാന ആഴ്ചയാണ് വിളവെടുപ്പ്.

പൂർണമായും യന്ത്രസഹായത്തോടെയാണ് കൃഷി. വിളവെടുപ്പിന് പ്രത്യേക യന്ത്രവും കാർഷിക ഗവേഷണകേന്ദ്രം വികസിപ്പിച്ചെടുത്തിട്ടുണ്ട്.

ആദ്യമായി കോടന്നൂരിലാകും ഇതിന്റെ പ്രവർത്തന പരീക്ഷണം നടത്തുക.